പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3739 20.7.2015 ൽ മറുപടിക്ക്

## സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം

| | ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ നിയമനം അംഗീകരിച്ച് നൽകാതെ കിടക്കുന്ന അപേക്ഷകളുടെ വിശദവിവരം എ.ഇ.ഒ, ഡി.ഇ.ഒ തലത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | എ.ഇ.ഒ. മുതൽ ഡി.പി.ഐ വരെ അദ്ധ്യാപകരുടെ വിവിധ പരാതികളും നിവേദനങ്ങളും തീർപ്പ് കൽപ്പിക്കാതെ കിടക്കുന്നത് പരിഹരിക്കുവാൻ എല്ലാ അദ്ധ്യയന വർഷവും അദാലത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) യും (സി) യും | തസ്തിക നിർണ്ണയത്തിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും അദ്ധ്യാപക പാക്കേജ് സംബന്ധിച്ച 1.10.2011 ലെ സ.ഉ. (പി) 199/2011/പൊവിവ നമ്പർ സർക്കാർ ഉത്തരവ് പിൻവലിച്ചുകൊണ്ടും പുതിയ ഉത്തരവ് നിലവിൽ വരുന്നതോടെ നിയമനവുമായി ബന്ധപ്പെട്ട ധാരാളം പരാതികൾക്ക് തീർപ്പുണ്ടാകുന്നതാണ്. അർഹമായ അവകാശങ്ങൾ നിഷേധിക്കുന്നത് ശ്രദ്ധയിൽ പ്പെടുന്നപക്ഷം, ബന്ധപ്പെട്ട സർവ്വീസ് ചട്ടങ്ങളനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | ജീവനക്കാരുടെയും അദ്ധ്യാപകരുടെയും നിയമാനുസൃതമായ വിവിധ ആവശ്യങ്ങൾ അംഗീകരിച്ച് നൽകാതെ ബുദ്ധിമുട്ടിക്കുന്ന ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ